(സി) അടുത്തവർഷം ഈ താലൂക്കുകളിൽ പുതിയ സ്കൂളുകൾ അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) പുതിയ സ്കൂളുകൾ തുറക്കുന്നതിലേയ്ക്ക് കുന്നത്തൂർ താലൂക്കിൽ നിന്നും 81-ും, പത്തനാപുരം താലൂക്കിൽനിന്നും 58-ും, കൊട്ടാരക്കര താലൂക്കിൽ നിന്നും 252-ും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ ഒരു അവസാന തീരുമാനം എടുത്തിട്ടില്ല.

ശ്രീ. പി. സി. ആദിച്ചൻ: 1953-ൽ അന്നത്തെ പിന്നാക്ക സമുദായ കമ്മിഷൻ ഹരിജൻ വെൽഫെയർ സ്കൂളുകൾ എവിടെയെല്ലാമാണ് അനുവദിക്കണമെന്നു് കാണിച്ചു് അയച്ചിട്ടുള്ള ലിസ്റ്റിൽപ്പെട്ടതും, രണ്ടാം പഞ്ചവത്സരപദ്ധതിയുടെ അഞ്ചാംകൊല്ലം കൊല്ലം ഡി.സി.സി. ശുപാർശ ചെയ്തു അയച്ചിട്ടുള്ളതും, ഈ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കൊല്ലം ഡി. സി. സി. പ്രസിഡണ്ട് ശുപാർശ ചെയ്തു അയച്ചിട്ടുള്ളതുമായ 75 ഹരിജൻ വെൽഫെയർ സ്കൂളുകൾ ഐക്കാട്, തെന്മല മുതലായ മലയോര പ്രദേശങ്ങളിൽ സ്ഥാപിക്കുന്നതിനു് മുൻഗണന കൊടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : മറ്റെല്ലാ സ്കൂളുകളും അനുവദിക്കുന്നതിനുള്ള അപേക്ഷകളും പരിഗണനയിൽ എടുക്കുന്നതിന്റെ കൂട്ടത്തിൽ സ്വാഭാവികമായി ഇതും ഉൾപ്പെടുന്നതാണു്.

ശ്രീ. കെ. കൃഷ്ണപിള്ള : കൊട്ടാരക്കര താലൂക്കിനെ സംബന്ധിച്ചിടത്തോളം സ്കൂളുകൾ അവിടെ വളരെ കുറവുള്ള മലയോരപ്രദേശങ്ങളാണെന്നുള്ള വസ്തുത കണക്കിലെടുത്തുകൊണ്ടു് അവിടെ സ്കൂളുകൾ അനുവദിക്കുന്നതിനു് മുൻഗണന കൊടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : സ്കൂളുകളുടെ ആവശ്യം എവിടെയാണു് അധികമുള്ളതെന്നു് നോക്കി അതിന്റെ അടിസ്ഥാനത്തിൽ മുൻഗണന കൊടുക്കുന്നതാണു്.

പഞ്ചായത്ത് തിരഞ്ഞെടുപ്പ്

* 661. [6] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് തിരഞ്ഞെടുപ്പുകൾ നടത്തുന്നതിനുവേണ്ടി ആകെ എത്ര രൂപ ചെലവു വന്നിട്ടുണ്ടു് ;

(ബി) "പഞ്ചായത്തുരാജ്" നിയമം എന്നേക്കു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) രൂപയായി തിട്ടപ്പെടുത്തിയിട്ടില്ല. ഉദ്ദേശം 12 ലക്ഷത്തോളം വരുമെന്നു് പ്രതീക്ഷിക്കുന്നു.

(ബി) 1964-ലെ പഞ്ചായത്തു് യൂണിയൻ കൗൺസിൽ ആൻഡു് ജില്ലാ പരിഷത്തു് ബിൽ നിയമസഭയിൽ അവതരിപ്പിച്ചു കഴിഞ്ഞു. അതു് പാസ്സാക്കിക്കഴിഞ്ഞാൽ താമസിയാതെ നടപ്പിൽ വരുത്തുന്നതാണു്.

ശ്രീ. പി. രവീന്ദ്രൻ : നിലവിലുള്ള പഞ്ചായത്തു് ആക്ടിൽ നടപ്പിലാക്കിയിട്ടുള്ള ചില വകുപ്പുകൾക്കൊന്നിനും ചട്ടങ്ങൾ ഉണ്ടാക്കിയിട്ടില്ല. അങ്ങനെ ചട്ടങ്ങൾ ഉണ്ടാക്കാത്ത വകുപ്പുകൾക്കു് വളരെവേഗം ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ദാമോദര മേനോൻ : മിക്ക ചട്ടങ്ങളും ഉണ്ടാക്കിക്കഴിഞ്ഞിട്ടുണ്ട്. ഇനി വല്ലതും ഉണ്ടാക്കാനുണ്ടോയെന്നുള്ളതിനെപ്പറ്റി പരിശോധിക്കാം.

ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്

* 662. [7] ശ്രീമതി കുസുമം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിന്റെ 1961-62, 1962-63 വർഷങ്ങളിലെ വരവെത്ര ; ചെലവെത്ര ;

(ബി) കമ്പനിയുടെ മൂലധനമെത്ര ; ഗവണ്മെന്റു ഷെയർ എത്ര ;

(സി) കമ്പനിയുടെ വകയായി ഒരു ടിംബർ വർക്സ് ഷാപ്പ് ആരംഭിക്കുന്നുണ്ടോ ; അതിന്റെ പുരോഗതി എന്താണ് ;

(ഡി) കമ്പനിവക ഒരു പാർട്ടിക്കിൾ ബോർഡ് ഫാക്ടറി ആരംഭിക്കുന്ന കാര്യം എത്രമാത്രം പുരോഗമിച്ചു ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദര മേനോൻ) :

(എ) ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിൽ 1961-62-ൽ 38,51,609 രൂപ വരവും, 28,94,621 രൂപ ചെലവും 1962-63-ൽ 20,55,692 രൂപ വരവും, 16,16,580 രൂപ ചെലവും ഉണ്ടായിരുന്നു.

(ബി) കമ്പനിയുടെ മൂലധനം 9,96,200 രൂപയും ഗവണ്മെന്റു ഷെയർ 5,17,000 രൂപയും ആകുന്നു.

(സി) കമ്പനിയുടെ വകയായി ഒരു ടിമ്പർ വർക്സ് ഷാപ്പ് ആരംഭിച്ചിട്ടുണ്ട്. അതിനുവേണ്ടിയുള്ള കെട്ടിടനിർമ്മാണവും മെഷീനറി സ്ഥാപിക്കലും നടന്നുകഴിഞ്ഞു. 1963 നവംബർ മാസം മുതൽ വർക്സ്ഷോപ്പിന്റെ പ്രവർത്തനം ആരംഭിക്കുകയുണ്ടായി.

(ഡി) കമ്പനി വക ഒരു പാർട്ടിക്കിൾ ബോഡ് ഫാക്ടറി ആരംഭിക്കുന്നതിനു കേന്ദ്ര ഗവണ്മെന്റു ലൈസൻസും നൽകിയിട്ടില്ല.

ശ്രീ. കെ. ആർ. വിജയൻ : ഈ കമ്പനിയിലേക്കു ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽനിന്നും ഗവണ്മെന്റിൽനിന്നും എന്തു വ്യവസ്ഥയിലാണു മരങ്ങളും സപ്ലൈ ചെയ്യുന്നതു ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അതിനു പ്രത്യേകം ചോദ്യം ചോദിച്ചാലേ മറുപടി പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : 1961-62, 1962-63 ഈ വർഷങ്ങളിൽ വരവു ചെലവുകളിൽ വലിയ വ്യത്യാസം കാണുന്നതിന്റെ കാരണം എന്താണ് ?

ശ്രീ. കെ. എ. ദാമോദരമേനോൻ : 1962 ഏപ്രിൽ അവസാനം മുതൽ F.A.C.T. വിറകിനു പകരം എണ്ണ ഉപയോഗിച്ചു യന്ത്രങ്ങൾ നടത്താൻ തുടങ്ങി. അതുകൊണ്ടു വിറകു വില്പനയിലുണ്ടായിരുന്ന ലാഭം സാരമായി കുറയുകയുണ്ടായി.

വ്യവസായശാലകളിലേയ്ക്കുള്ള നിയമനങ്ങൾ

* 663. [8] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെന്റുടമയിലും ഗവണ്മെന്റിനു ഷെയറുള്ളതുമായ വ്യവസായശാലകളിൽ കഴിഞ്ഞ മൂന്നുവർഷമായി നടന്ന നിയമനങ്ങളിൽ സമുദായപ്രാതിനിധ്യതത്വം പാലിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly